No.81/2016

**സ്വയസ്ഥിതനും ആദ്യന്തമില്ലാത്തവനും സാരാംശ സമ്പൂർണ്ണനും ആയ ത്രിയേക ദൈവത്തിന്റെ തിരുനാമത്തിൽ (തനിക്കു സ്തുതി) വിശുദ്ധ മാർത്തോമ്മാ ശ്ലീഹായുടെ സിംഹാസനത്തിന്മേൽ ആരൂഢനായിരിക്കുന്ന**

**പൗരസ്ത്യ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായും ആയ മോറാൻ മാർ ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ**

നമ്മുടെ എല്ലാ പള്ളികളിലേയും വികാരിമാരും, സഹപട്ടക്കാരും, ദേശത്തുപട്ടക്കാരും, പള്ളികൈസ്ഥാനികളും, ശേഷം വിശ്വാസികളും കൂടിക്കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്വ്!

പ്രിയരെ,

നമ്മുടെ കർത്താവിന്റെ അരുമ ശിഷ്യനും ഭാരതത്തിന്റെ അപ്പോസ്തലനുമായ വി. മാർത്തോമ്മാശ്ലീഹായാൽ സ്ഥാപിതമായ തിരുവിതാംകോട് അരപ്പള്ളി വി. ദൈവമാതാവിന്റെയും വി. മാർത്തോമ്മാ ശ്ലീഹായുടേയും മദ്ധ്യസ്ഥതയിൽ ആശ്രയിക്കുന്ന നാനാജാതി മതസ്ഥരായ ഏവരുടേയും ഒരു പ്രധാന ആത്മീയ സങ്കേതമാണ്. ഉത്ഥിതനായ യേശുതമ്പുരാന്റെ തിരുവിലാവിലും ആണിപ്പാടുകളിലും സ്പർശിച്ച്, ''എന്റെ കർത്താവും എന്റെ ദൈവവുമേ'' എന്ന ഉറച്ച വിശ്വാസ പ്രഖ്യാപനം നടത്തിയ വി. മാർത്തോമ്മാ ശ്ലീഹായുടെ ഓർമ്മ ആചരിക്കുന്ന പുതുഞായറാഴ്ച ഈ വിശുദ്ധ ദേവാലയത്തിലെ പ്രധാന പെരുന്നാളായി ആഘോഷപൂർവ്വം കൊണ്ടാടിവരികയാണ്. പതിവുപോലെ ഈ വർഷവും ഉയിർപ്പുഞായറാഴ്ച മുതൽ പുതുഞായറാഴ്ച വരെയുള്ള ദിവസങ്ങൾ (മാർച്ച് 27-ാം തീയതി മുതൽ ഏപ്രിൽ 03 വരെ) ഈ വിശുദ്ധ ദേവാലയത്തിൽ തീർത്ഥാടന വാരമായി പ. സഭയിലെ അഭിവന്ദ്യ മെത്രാപ്പോലീത്താമാരുടെ നേതൃത്വത്തിൽ വിവിധ പരിപാടികളോടെ ആഘോഷിക്കുന്നതിന് നിശ്ചയിച്ചിരിക്കുന്നു. പ. സഭയിലെ പ്രധാനപ്പെട്ട തീർത്ഥാടന കേന്ദ്രങ്ങളിലൊന്നായ തിരുവിതാംകോട് അരപ്പള്ളിയിലേക്ക് തീർത്ഥയാത്ര നടത്തുന്നത് ഏവർക്കും അനുഗ്രഹപ്രദമാണ്. തീർത്ഥാടന വാരത്തോടനുബന്ധിച്ച് വെള്ളി, ശനി, ഞായർ ദിവസങ്ങളിൽ (ഏപ്രിൽ 1, 2, 3) ആദ്ധ്യാത്മീക പ്രസ്ഥാനങ്ങളുടെ ആഭിമുഖ്യത്തിൽ പ്രത്യേക വാഹനം ക്രമീകരിച്ച് തീർത്ഥാടനം നടത്തുന്നത് ഉചിതമായിരിക്കും. ഏപ്രിൽ മാസം 1-ാം തീയതി വെള്ളിയാഴ്ച രാവിലെ വിശുദ്ധ കുർബ്ബാനയ്ക്കുശേഷം വിവിധ ആദ്ധ്യാത്മിക സംഘടനകളുടെ സംഗമം നടത്തപ്പെടുന്നതാണ്. മുൻകൂട്ടി അറിയിച്ച് തീർത്ഥാടകരായി വരുന്നവർക്ക് വിശ്രമത്തിനും ഭക്ഷണത്തിനുമുള്ള സൗകര്യങ്ങൾ ക്രമീകരിക്കുന്നതാണ്. പ. സഭയിലെ ഏറ്റവും പുരാതനദേവാലയങ്ങളിൽ ഒന്നായ ഈ വിശുദ്ധ ദേവാലയം സന്ദർശിച്ച് നിങ്ങളേവരും അനുഗ്രഹം പ്രാപിക്കണമെന്ന് സ്നേഹപൂർവ്വം താല്പര്യപ്പെടുന്നു.

ശേഷം പിന്നാലെ, സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും, നിങ്ങളേവരോടും കൂടെ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ. ആയത് ദൈവമാതാവായ പരിശുദ്ധ കന്യക മറിയാം അമ്മയുടേയും ഇന്ത്യയുടെ കാവൽപിതാവായ മാർത്തോമ്മാ ശ്ലീഹായുടേയും നമ്മുടെ പരിശുദ്ധ പിതാക്കൻമാരായ മാർ ഗ്രീഗോറിയോസിന്റെയും മാർ ദീവന്നാസിയോസിന്റെയും ശേഷം സകല ശുദ്ധിമാൻമാരുടേയും ശുദ്ധിമതികളുടേയും പ്രാർത്ഥനകളാൽ തന്നെ. ആമ്മീൻ.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ..........................

**ബസ്സേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ**

2016 മാർച്ച് മാസം 11-ാം തീയതി
കോട്ടയം കാതോലിക്കേറ്റ്
അരമനയിൽ നിന്നും